ഭരണഭാഷ മാതൃഭാഷ

നം/ഐസിഡിഎസ്സ്/എ7-1915/2020

വനിതശിശുവികസനഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി – 07/10/2021
ഇമെയിൽ-directorate.wcd@kerala.gov.in
ഫോൺ നം 0471-2346534

വനിതശിശുവികസനഡയറക്ടർ

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
(തൃശ്ശൂർ,കോഴിക്കോട്,കണ്ണൂർ ഒഴികെ)

സർ

വിഷയം : വനിതശിശുവികസനവകുപ്പ്-ഐസിഡിഎസ്സ്- 2016-17 വർഷത്തെ സ്റ്റേറ്റ് പ്ളാൻ ഫണ്ട് –അങ്കണവാടി കെട്ടിട നിർമ്മാണം - സംബന്ധിച്ച്

സൂചന : 1) ഈ കാര്യാലയത്തിലെ 27/03/2021 തീയതിയിലെ ഐസിഡിഎസ്സ്/എ7-1915/2020 നമ്പർ ഉത്തരവ്
2) ഈ കാര്യാലയത്തിലെ 20/04/2021 തീയതിയിലെ ഐസിഡിഎസ്സ്/എ7-11593/2020 നമ്പർ ഉത്തരവ്

2016-17 സ്റ്റേറ്റ് പ്ളാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകിയ 200 അങ്കണവാടികളിൽ നിർമ്മാണം ആരംഭിക്കാതിരുന്ന 77 അങ്കണവാടികളുടെ നിർമ്മാണ ചുമതല PWD ചീഫ് എഞ്ചിനീയറിൽ നിന്നും മാറ്റി LSGD ചീഫ് എഞ്ചിനീയർക്ക് നല്കി സൂചന (1), (2) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവുകളിൽ ഉൾപ്പെട്ട് നിർമ്മാണാനുമതി നൽകിയ അങ്കണവാടികളിൽ വിവിധകാരണങ്ങളാൽ നിർമ്മാണം സാദ്ധ്യമാകാത്തതും മറ്റ് പദ്ധതികളിൽ ഉൾപ്പെട്ട് നിർമ്മാണം പുരോഗമിക്കുന്നതോ/ പൂർത്തിയാക്കിയതോ ആയ അങ്കണവാടികളെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനായി അത്തരം അങ്കണവാടികളുടെ വിവരം സിഡിപിഒമാരിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് 10 ദിവസത്തിനകം ലഭ്യമാക്കുന്നതിന് താല്പര്യപ്പെടുന്നു . പദ്ധതിയിൽ നിന്നും അങ്കണവാടികളെ ഒഴിവാക്കുന്നതിനായി ശുപാർശ ചെയ്യുമ്പോൾ കാരണവും വ്യക്തമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Sende

വനിതശിശുവികസനഡയറക്ടർക്ക് വേണ്ടി